KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ബി.വി.എം.എച്ച്.എസ് കല്ലേറ്റുംകര



# പേൾസ് ഓഫ് ബി.വി.എം




പുഞ്ചിരിക്കുക,

സന്തോഷിക്കുക......

ജീവിതത്തിൽ നിങ്ങൾക്ക് കരയാനുള്ള , വിഷമിക്കാനുള്ള നൂറുക്കണക്ക്

കാര്യങ്ങൾ ഉണ്ടക്കാം..... എന്നാൽ , നിങ്ങൾ സന്തോഷിക്കാനുള്ള , പുഞ്ചരിക്കാനിള്ള ആയിരക്കണക്കിന് കാര്യങ്ങളുണ്ട് നിങ്ങളുടെ ജീവിതത്തിൽ  എന്ന കാര്യം മറക്കരുത്...

# ചരിത്രം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ ആളൂർ പഞ്ചായത്തിലെ കല്ലേറ്റുംകരയിൽ ബി.വി.എം.എച്ച്.എസ് സ്കൂൾ സ്ഥിതിചെയ്യുന്നു 1945 ൽ ആണ് ഈ വിദ്യാലയത്തിനു സർക്കാർ അനുമതിലഭിച്ചത്. ബിഷപ്പ് വാഴപ്പിള്ളി മെമോറിയൽ ലോവർ സെക്കണ്ടറിസ്കൂൾ എന്നായിരുന്നു പേര്.1946-47 അധ്യയനവർഷത്തിൽ പ്രിപ്പറേറ്ററിയും,ഫാസ്റ്റ്ഫോം ക്ലാസ്സുകൾ ആരംഭിച്ചു. ശ്രീയുഎം.പൗലോസ് മാസ്റ്റർ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. കല്ലേറ്റുംകരയിലെ കാത്തലിക്എഡ്യൂക്കേഷൻ ട്രസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്.ഈ വിദ്യലയത്തിന്റെ സ്ഥാപക മാനേജർ ശ്രീ.പി.എജോൺ ആയിരുന്നു.1957-ൽ ഈ വിദ്യയാലയം-ഹൈസ്കൂളായിഉയർത്തപ്പെട്ടു. ആദ്യ ഹെഡ്മാസ്റ്റർ ശ്രീു..ജോർജ്ജ് മാസ്റ്റർ ആയിരുന്നു.അതിനുശേഷം തുടർച്ചയായി 18 വർഷക്കാലം ശ്രീ.ടി.ഒ.പൈലപ്പൻ മാസ്റ്റർ ആയിരുന്നു ഹെഡ്മാസ്റ്റർ. കഴിഞ്ഞ 20 വർഷമായിപരീക്ഷയിൽ ഉന്നത വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്.

### ഭൗതികസൗകര്യങ്ങൾ

- പാചകപ്പുര.
- ലൈബ്രറി റൂം.
- സയൻസ് ലാബ്.
- കമ്പ്യൂട്ടർ ലാബ്.
- എഡ്യുസാറ്റ് കണക്ഷൻ.
- ഹൈടെക് ക്ലാസ് റൂം
- എൽ.സി.ഡി. പ്രൊജക്ടർ ലേസർ പ്രിന്റർ, സ്കാനർ, വെബ്ക്യാമറ, വീഡിയോ ക്യാമറ, ലാപ്ടോപ്, ഇന്റർനെറ്റ് ബ്രോഡ്ബാന്റ് കണക്ഷൻ, ടി.വി. എന്നീ സൗകര്യങ്ങളും സ്കൂളിനുണ്ട്.

### പാഠ്യേതര പ്രവർത്തനങ്ങൾ

1 റെഡ്ക്രോസ് ആതുരസേവനവുംസാമൂഹ്യസേവനവുംലക്ഷ്യമാക്കിപ്രവർത്തിക്കുന്നജൂനിയർ റെഡ്ക്രോസ്

2 സാന്ത്വനഭവനപദ്ധതി

ഓരോ വർഷവും ഏറ്റവും നിർധനരായ ഒരുവിദ്യാർത്ഥിക്ക് ഭവനം

പണിതുനൽകുന്നപദ്ധതി.

3 സ്കൗട്ട്&ഗൈഡ് ദേശസ്നേഹികളെവാർത്തെടുക്കുന്നതിന്കർമനിരതമായ സ്കൗട്ട്&ഗൈഡ്പ്രസ്ഥാനം

4 ക്ലാസ് മാഗസിൻ.

5 വിദ്യാരംഗം കലാ സാഹിത്യ വേദി.

6 പരിസ്ഥിതി ക്ലബ്ബ്

7 ഇലക് ട്രൽ ലിറ്ററസി ക്ലബ്

8.ലിറ്റിൽ കൈറ്റ്

8 വിവിധ ക്ലബ്ബ് യൂണിറ്റുകൾ

# സന്ദേശം

വിവര സാങ്കേതിക മേഖലയിൽ അനുസ്യൂതം  വികസിച്ചു കൊണ്ടിരിക്കുന്ന

അറിവിന്റെ  ചക്രവാളം പരമാവധി കൈ പിടിയിലൊതുക്കാനുള്ള   ലിറ്റിൽ  കൈറ്റ്

കല്ലേറ്റുംകര ബി വി എം ഹൈസ്കൂളിലെ യൂണിറ്റംഗങ്ങളുടെ പരിശ്രമങ്ങളെ   അഭി

നന്ദിക്കുന്നു. പുതിയ പടവുകൾ കയറി  ലോകത്തെ തന്നെ നിയന്ത്രിക്കുന്ന  സങ്കേതിക   നിപുണന്മാരാവാൻ

നിങ്ങൾക്ക് കഴിയട്ടെ. നിങ്ങൾ പുറത്തിറക്കുന്ന  മാഗസിന് എല്ലാവിധ  ഭാവുകങ്ങളും നേരുന്നു.



(ഒപ്പ്)

ഹമീദ് മാസ്റ്റർ (എച്ച് എം)

# പ്രവേശനോത്സവം

ഈ സരസ്വതിക്ഷേത്രത്തിലേക്ക് ആദ്യമായി കടവന്നുവന്ന നവാഗതരെ അദ്ധ്യാപകർ തൊട്ടുംകുറിയണിയിച്ച കൊണ്ട് സ്വീകരിച്ചു. ആളൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സന്ധ്യ നൈസൻ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ നവാഗതർക്ക് അക്ഷരദീപം പകരുകയും കുട്ടികൾ അക്ഷരജ്യോതി അണിയിക്കുകയും ചെയ്തു.ഈ വർഷത്തെ SSLC വിദ്യാർത്ഥികൾ നവാഗതർക്ക് പൂച്ചെണ്ട് നല്കി.അങ്ങനെ 2018-19 അദ്ധ്യയനവർഷത്തിന് ഔദ്യോഗികമായി ആരംഭം കുറിച്ചു.



# പരിസ്ഥിതി ദിനം

പരിസ്ഥിതി ദിനമായ ജൂൺ 5 ന് ഹെഡ്മാസ്റ്റർ,മാനേജർ,വാർഡ് മെമ്പർ ശ്രീ.ഷാജൻ കള്ളിവളപ്പിൽ കൃഷി ഓഫിസർ ഹരിസാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അസംബ്ലി കൂടുകയും ക്ലബ് പ്രതിനിധി പരിസ്ഥിതി ദിന സന്ദേശം നല്കുകയും ചെയ്തു.





# ജൂൺ-19 വായനദിനം

പി.എൻ. പണിക്കർ ചരമദിനം മുതൽ ഐ വി ഭുവനദാസ് ജന്മദിനം വരെ നീണ്ടു നിൽക്കുന്ന പരിപാടികളോടെ ആഘോഷിച്ചു. അതോടൊപ്പം വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും ഔപചാരികമായി നടന്നു. വായനാദിന പരിപാടികൾ പ്രശസ്തകാരൻ ശ്രീ.ബക്കർ മേത്തല ഉദ്ഘാടനം നിർഹിച്ചു.പൂർവ വിദ്യാർത്ഥി ശ്രീ പോൾ ആന്റണി പനങ്ങടൻ സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസ മികവിന് 500000 നൽക്കുകയും ലൈബ്രറിയുടെയും ലാബിന്റെയും നവികരണത്തിന് ഉപയോഗിച്ചു. ഈ അവസരത്തിൽ അദ്ദേഹം വിലയേറിയ പുസ്തകങ്ങളും കൈമാറി.

**വായനാദിന പരിപാടികൾ പ്രശസ്തകാരൻ ശ്രീ.ബക്കർ മേത്തല ഉദ്ഘാടനം നിർഹിച്ചു.**





# ഹൈ-ടെക്ക് ബ്ലോക്ക്

കല്ലേറ്റുംകര: ബി വി എം ഹൈസ്കൂളിൽഹൈ-ടെക്ക് ബ്ലോക്ക് ഉദ്ഘാടനം ആളൂർ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷ ശ്രീമതി സന്ധ്യ നൈസൻ നിർവഹിച്ചു. സ്കൂ മാനേജർ ശ്രീവ്യ ഡ്രോ വിത്സൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്മാർട്ട് ക്ലാസ് ഉപകരണങ്ങളുടെ സ്വിച്ച് ഓൺ കർമം ആളൂർ ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് '  ശ്രീമതി അംബിക ശിവദാസൻ നടത്തി.പ്രളയത്തിൽ ദുരിതബാധിതരായ വിദ്യാർത്ഥികൾക്ക് ഒരു കൈ സഹായ വിതരണം വാർഡ് മെമ്പർ ശ്രീ ഷാജൻ കള്ളിവളപ്പിൽ നിർവഹിച്ചു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വിദ്യാർത്ഥികളുടെ വിഹിതം സ്കൂൾ ചെയർമാൻ മാസ്റ്റർ ജിനക്സ് സി എസ് പ്രധാന അദ്ധ്യാപകന് കൈമാറി.ചടങ്ങിൽ ലിറ്റിൽ കൈറ്റ്സ് കംപ്യൂട്ടർ പ്രസന്റേഷൻ അവതരിപ്പിച്ചു.സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ അബ്ദുൽ ഹമീദ് എ സ്വാഗതം ആശംസിച്ച ചടങ്ങിൽ പിടിഎ പ്രസിഡന്റ് ശ്രീ കെ വി സൈമൺ ,എം പി ടി എ പ്രസിഡന്റ് ശ്രീമതി ബീന പോളി, സ്റ്റാഫ് സെക്രട്ടറി ശ്രീമതി ബൈജു എൻ വി ,കാത്തലിക് എഡ്യുക്കേഷൻ ട്രസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ബോർഡംഗവും മുൻ മാനേജർ ശ്രീ വിൻസെന്റ്  ടി എ എന്നിവർ സംസാരിച്ചു.



ഇ® സ്റ്റിറ്റ്യൂട്ട് ഓഫ് പാ® ലമെന്ററി അഫയേ® സ് ,ഗവ® മെന്റ് ഓഫ് .കേരളയുടെആഭിമുഖ്യത്തി® ഇരിങ്ങാലക്കട എം എ® എ പ്രൊഫ.ശ്രീ കെ യു അരുണ® മാസ്റ്റ® തന്റെ നിയോജക മണ്ഡലത്തിലെ കല്ലേറ്റുംകര ബി വി എം ഹൈസ്കൂളി® സംഘടിപ്പിക്കുന്ന 2018-19 അദ്ധ്യയന വ® ഷത്തിലെ സെമിനാ® 'ഇന്ത്യ® ജനാധിപത്യത്തിന്റെ ഭാവി' ദേശീയ അദ്ധ്യാപക അവാ® ഡ് ജേതാവ് ശ്രീ സീതി മാസ്റ്റ® അവതരിപ്പിച്ചു.രാവിലെ 10 മണിക്ക് പ്രാ® ത്ഥനയോടെ ആരംഭിച്ച യോഗത്തിന് ബഹു.സ്കൂ® പ്രധാന അദ്ധ്യാപക® ശ്രീ അബ്ദു® ഹമീദ് എ അദ്ധ്യക്ഷത വഹിച്ചു.സാമൂഹ്യ ശാസ്ത്ര സീനിയ® അദ്ധ്യാപിക ശ്രീമതി ഷൈന എം.എ സ്വാഗതമോതുകയും വിദ്യാ® ത്ഥി പ്രതിനിധി കുമാരി ലക്ഷ്മി പ്രിയ സി വി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. സാമൂഹ്യ ശാസ്ത്ര ക്ലബ് ക® വീന® ശ്രീമതി നീത ആന്റണി ആശംസക® നേ® ന്നു സംസാരിച്ചു.വിദ്യാ® ത്ഥിക® ക്കായി ഈ പരിപാടിയോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സര ജേതാവിനും ഉപന്യാസ മത്സര ജേതാവിനും പ്രസംഗ മത്സര ജേതാവിനും സീതി മാസ്റ്റ® ഉപഹാരങ്ങ® നല്കി.12 മണിക്ക് സെമിനാ® സമംഗളം സമാപിച്ചു.






# ഇതിന് പിന്നിൽ പ്രവർത്തിച്ച കുട്ടികൾ

**സോന സെബാസ്റ്റിൻ**

**അലീനാ സി.ജെ**

**ക്രിസ്‌വിൻ ജോസഫ്**

**അലോഷ്യസ് ഫ്രാൻസിസ്**

**ആൻ ഗ്രേസ് സീജൊ**

**ഡിൽമാ .യു. വർഗിസ്**

നാഷണൽ ലെവൽ പി.സി.ആർ.എ മത്സരത്തിൽ ഊർജസംരക്ഷണം മനുഷ്യനന്മയ്ക്കായ് എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഉപന്യാസമത്സരത്തിൽ ഉന്നതവിജയം കരസ്ഥമാക്കിയ ലക്ഷമി പ്രിയയ്ക്ക് അഭിന്ദനങ്ങൾ നേരുന്നു.



ലക്ഷമി പ്രിയ
സ്കൂൾചെയർപേഴ്സൺ

ജെ സി ഐ നല്കുന്ന 2018-19 അദ്ധ്യയന വർഷത്തെ പ്രതിഭാ പുരസ്കാരത്തിനർഹനായ സ്കൂൾ ലീഡർ മാസ്റ്റർ ജിനക്സ് സി എസ്



ഡ്രൈ ഡേ

സ്കൂൾ ലീഡർ
മാസ്റ്റർ ജിനക്സ് സി എസ്

# ബി വി എം ഹൈസ്കൂൾ കല്ലേറ്റുംകര

# നല്ലപാഠം യൂണിറ്റ്

മലയാള മനോരമയുടെ നല്ലപാഠം യൂണിറ്റ് കല്ലേറ്റുംകര ബി വി എം ഹൈസ്കൂളിൽ 2018-19 അധ്യയന വർഷത്തിൽ നിരവധി നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്.സ്കൂൾ ആരംഭദിനത്തിൽ തന്നെ കൂടിയ എസ് ആർ ജി യോഗത്തിൽ വച്ച് നല്ലപാഠം കൺവീനർമാരായി ശ്രീമതി റീനി റാഫേലിനേയും ശ്രീമതി സ്മിത ജോൺസണേയും തെരഞ്ഞെടുത്തു.തുടർന്ന വന്ന വെള്ളിയാഴ്ച 08.06.2018 ന് വിദ്യാർത്ഥികളെ വിളിച്ച കൂട്ടുകയും യൂണിറ്റ് പ്രവർത്തനങ്ങൾഔപചാരികമായി ആരംഭികേകുകയും ചെയ്തു.വിദ്യാർത്ഥി കൺവീനറായി മാസ്റ്റർ ഡിലോ ദേവസ്സിയെ തെരഞ്ഞെടുക്കുകയും ചെയ്തു.എല്ലാ ആഴ്ചയും നല്ലപാഠം പ്രവർത്തകർ യോഗം ചേർന്ന് പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും തുടർപ്രവർത്തനങ്ങൾക്ക് രൂപം നല്കുകയും ചെയ്തു പോരുന്നു

# ഡ്രൈ ഡേ

എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചക്കു 1.30 മുതൽ 2 മണിവരെ ഡ്രൈ ഡേ ആചരിക്കുന്നു. സ്കൂൾ പരിസരവും ക്ലാസ്സ് മുറികളും വൃത്തിയാക്കുന്ന പ്രവർത്തനം നല്ലപാഠം പ്രവർത്തകർ ഏറ്റെടുത്തു നടപ്പിലാക്കി. ഇപ്പോഴും വെള്ളിയാഴ്ചകൾ തോറും നടത്തിപ്പോരുന്നു.

# ലഹരി വിരുദ്ധ ദിനം

ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം ഏറെ ആകർഷകമായ രീതിയിൽ നല്ലപാഠംപ്രവർത്തകർ സംഘടിപ്പിച്ചു. ലഹരി വിരുദ്ധസന്ദേശങ്ങൾ വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും എത്തിക്കുന്നതിനുതകുനവിധത്തിൽ റാലിയും ലഹരീ വിലാസം തറവാട് എന്ന തെരുവു നാടകവും സംഘടിപ്പിച്ചത് ഏറെ ജനശ്രദ്ധ ആകർഷിച്ച പ്രവർത്തനമായിരുന്നുലഹരീ വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന മുദ്രാവാക്യ അകമ്പടിയോടെ റാലിയായി നല്ലപാഠം പ്രവർത്തകർ സ്കൂളിൽനിന്ന് പുറപ്പെട്ട് കല്ലേറ്റുംകര സെന്ററിൽ എത്തിച്ചേരുകയും അവിടെ ഒരുമിച്ചുചേരുകയും ആളൂർ പോലീസ് സ്റ്റേഷൻ എ എസ് ഐ ശ്രീ സി കെ സുരേഷ് യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.






ലഹരീ വിലാസം തറവാട്

തെരുവുനാടകം






ലഹരീവിരുദ്ധ റാലി

# • ശുചീകരണം സ്കൂളിനു പുറത്തും

നല്ലപാഠം പ്രവവർത്തകർ സ്കൂൾ പരിസരത്തും സമീപ പ്രദേശത്തുമുള്ള കാനകളിൽ സാമൂഹ്യദ്രോഹികൾ നാക്ഷേപിച്ച സാനിറ്ററി മാലിന്യങ്ങളടക്കമുള്ള മാലിന്യക്കൂമ്പാരങ്ങൾവൃത്തിയാക്കി മാതൃകയായി. ബിവിഎംഗ്രൗണ്ടിലും കാനയിലും ഉള്ള മാലിന്യങ്ങളെ ലക്ഷ്യം വച്ച് തെരുവുനായ്ക്കളുടെ ശല്യം അനുദിനം വർദ്ധിച്ചുവരുന്നസാഹചര്യത്തിലാണ് നല്ലപാഠം പ്രവര്ത്തകർ ഈ യജ്ഞത്തിന് തയ്യാറെടുത്തത്. വൃത്തിയാക്കലിനു ശേഷം നല്ലപാഠം പ്രവർത്തകർ ഹെഡ്മാസ്റ്ററുമൊപ്പം പഞ്ചായത്ത് അദ്ധ്യക്ഷയെസമീപിക്കുകയും ഒരു പരാതി എഴുതി സമർപ്പിക്കുകയും ചെയ്തു.ഇതേ തുടർന്ന് ജാഗ്രതാ നടപടികൾ കൈക്കൊള്ളുമെന്ന ഉറപ്പു ലഭിക്കുകയും മാലിന്യങ്ങൾ വാർഡ് മെമ്പർ ശ്രീ ഷാജൻ കള്ളിവളപ്പിൽ ഏറ്റെടുത്ത് സംസ്കരിക്കുന്നതിനുമുള്ള ഏർപ്പാട് ചെയ്തത് ഏറെ സഹായകരമായി.









# പ്രളയാനന്തര സാന്ത്വനവുമായി നല്ലപാഠം പ്രവർത്തകർ

മഹാപ്രളയത്തിൽകിടപ്പാടം തകർല്ലബിവിഎം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് നല്ലപാഠംപ്രവർത്തകരുടെ കൈത്താങ്ങ് പ്രളയപ്രളയാനന്തരത്തിൽ ഈ വിദ്യാലയത്തിലെ ഒൻപതോളം വിദ്യാർത്ഥികളുടെ വീടുകൾതകർന്നു പോയിരുന്നു . അതിൽ നല്ലപാഠം പ്രനർത്തകാംഗം മിഥുന്റെ വീട് പൂർണമായി തകർന്നു. ഓണാവധി കഴിഞ്ഞെത്തിയ നല്ലപാഠം പ്രവർത്തകർ യോഗം ചേരുകയും അടിയന്തിര സഹായം നല്കുന്നതിന് തീരുമാനമെടുക്കുകയും സുമനസ്സുകളേയും പൂർവവിദ്യാർക്ഥികളേയും സമീപിക്കുകയും നല്ലപാഠം പ്രവർത്തകരുടെ പോക്കറ്റ്മണിയും സമാഹരിച്ച് പ്രധാനാദ്ധ്യാപകൻ,മാനേജർ,പി ടി എ പ്രസാഡന്റ് എന്നിവർ ചേർന്ന് കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് വിതരണം ചെയ്തു. ഏകദേശം 85000 രൂപയോളം നല്ലപാഠം പ്രവർത്തകർ സമാഹരിച്ച് നല്കുകയുണ്ടായി.











# ആരോഗ്യസർവേ

അഞ്ചു മുതൽ പത്തു ക്ളാസ്സു വരെയുള്ളവർക്കായി ആരോഗ്യ സ◌ര്വേ നടത്തുകയും സർവേ ഫലമായി പത്തു ശതമാനത്തിൽ താഴെയുള്ളവർ പോഷകാഹാര കുറവു

അനുഭവിക്കുന്നവരാണെന്നു കണ്ടെത്തി.പല വിദ്യാർഥികളും രാവിലെ ഭക്ഷണം കഴിക്കാൻ പല കാരണങ്ങളാൽ സാധിക്കാത്തവരാണെന്നും കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ ഇതേതുടർന്ന് സ്കൂളിലെ സയൻല് അദ്ധ്യാപകർ ഒഴിവുവേളകളിൽ ആരോഗ്യ ഭക്ഷണശീലങ്ങൾ

എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ക്ളാസ്സുകൾ എടുത്തു ബോധവത്കരിച്ചു. അന്പതുശതമാനം കുട്ടികളുംവ്യായാമത്തിന്റെ ആവശ്യകത മനസ്സിലാക്കാത്തവരാണെന്നും കണ്ടെത്തിയ സാഹചര്യത്തിൽ പ്രധാനാദ്ധ്യാപകന്റെയും നല്ലപാഠം പ്രവർത്തകരുടെയും അഭ്യർതഥന മാനിച്ചു ഫിസിക്കൽ ഫിറ്റ്നസ് ഉറപ്പു വരുത്തുന്നതിനൊരുപകരണം കല്ലേറ്റുംകരയിലെ  പ്രമുഖ വ്യവസായ സ്ഥാപന  ഡയറക്ടർ ശ്രീ ഷീൻ ആന്റണി പനങ്ങടൻ സ്കൂളിന് സംഭാവന ചെയ്യുകയുണ്ടായി.









- **കർക്കിടക മാസം ആരോഗ്യ സംരക്ഷണ മാസം**



നല്ലപാഠം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കർക്കിടക മാസം ആരോഗ്യ സംരക്ഷണ മാസമായി ആചരിച്ചു.അദ്ധ്യാപകർ അസ്സംബ്ലിയിൽആരോഗ്യഭക്ഷണം പരിചയപ്പെടുത്തി വിഭവങ്ങളുടെ പാചക കുറിപ്പ് അവതരിപ്പിച്ചു . ആരോഗ്യഭക്ഷണം ഉണ്ടാക്കി കഴിക്കുന്നതിനു ഈ പരിപാടി സഹായിച്ചു.മാസാവസാനം ഈകുറിപിപുകളെല്ലാം ചേർത്തു മാഗസിൻ തയ്യാറാക്കി വായനാമൂലയിൽ സമർപ്പിച്ചു

# മേക്ക് ഇൻസ്കൂൾ പദ്ധതി

ഏകദേശം മൂന്ന് ലക്ഷം രൂപ വിലമതിക്കുന്ന നാലുതരം മെഷിനറികളുൾക്കൊള്ളുന്ന ഒരു യൂണിറ്റ് ആണ് മേക്ക് ഇൻ സ്കൂൾ എന്ന പദ്ധതിയിലുള്ളത്.

1. STEAMER;ആവിയിൽ വേവിച്ചെടുക്കുന്നതിനുള്ള  ഉപകരണം
2. PEELER;ചക്കകുരു കൂമുതലായവഎളുപ്പത്തിൽ പീൽ ചെയ്യുന്നതിനുള്ള ഉപകരണെ.
3. VEGETABLE CUTTER;വിഷാംശം കലരാത്തനാടൻ പച്ചക്കറികൾ ശേഖരിച്ച്കഴുകി വൃത്തിയാക്കി നിമിഷനേരം കൊണ്ട് ഭംഗിയായി മുറിച്ചു കൊടുക്കുന്ന ഉപകരണം
4. വിവിധതരം ജാമുകൾചോക്ളേറ്റുകൾ കേക്കുകൾ മുതലായവ ഉണ്ടാക്കുന്ന ഉപകരണം

ഇതിനായിനല്ലപാഠം വിദ്യാർത്ഥികൾക്കായി വിശദമായ പരിശീലന ക്ളാസ്സുകൾ വിഭാവനം ചെയ്തു വരുന്നു.ഒരു മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുന്നതായിരിക്കും.







# ഭക്ഷ്യ മേള

നല്ലപാഠം മേക്ക് ഇൻ സ്കൂൾ പദ്ധതിയുടടെ ഭാഗമായി വിദ്യാലയത്തിൽ ഭക്ഷ്യ മേള നല്ല പാഠം പ്രവർത്തകർ സംഘടിപ്പിച്ചു.സാറാ ടെക്സോ മാനേജിംഗ്ഡയറക്ടർ ശ്രീ മാത്തപ്പൻ ആന്റണി പനങ്ങുടൻ സ്കൂളിലേക്ക് സംഭാവന ചെയ്ത സ്റ്റീമറിൽ വാർഡ് മെമ്പർ ശ്രീ ഷാജൻ കള്ളിവളപ്പിൽ ട്രേകളിൽ ചക്ക വട്ടേപ്പ മാവു നിറച്ച് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണം മുൻ നിറുത്തി വിഷാംശമോ, രാസവസ്തുക്കളോ, കൃത്രിമ നിറമോ ഇല്ലാത്ത ആവിയിൽ വേവിച്ചെടുക്കുന്ന ഭക്ഷണങ്ങൾ സ്കൂളിൽ തന്നെ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യമാണ് മേക്ക് ഇൻ സ്കൂൾ പദ്ധതിയിലൂടെ നല്ലപാഠം പ്രവർത്തകർ ലക്ഷ്യം  വയ്ക്കുന്നത്.

വിവിധതരം ബിരിയാണികൾ ജ്യൂസുകൾ  ഐസ്ക്രീമുകൾ ചക്ക അട തുടങ്ങിയ വൈവിധ്യങ്ങളാർന്ന വിഭവങ്ങൾ ഫുഡ് ഫെസ്റ്റിൽ ഒരുക്കിയിരുന്നു. ഇവയിൽനിന്നും ലഭിക്കുന്ന ഫണ്ട് സാന്ത്വന ഭവനം ഒരുക്കുന്നതിനുപയോഗിക്കുന്നു



'മേക്ക് ഇൻ സ്കൂൾ': ഭക്ഷ്യമേളയുമായി ബിവിഎം എച്ച്എസ്















# സാന്ത്വന ഭവനം

വിദ്യാലയത്തിലെ ഏറ്റവും നിർധനരും ഭവനരഹിതരും  ആയ വിദ്യാർത്ഥികൾക്ക്  നല്കുന്ന നല്ലപാഠത്തിന്റെ അഞ്ചാമത് സാന്ത്വനഭവനത്തിന്റെ തറക്കല്ലിടൽ കർമം കഴിഞ്ഞു.ദ്രുതഗതിയിൽ നിർമാണ പ്രവർത്തനങ്ങൾ തുടരുന്നു.അശ്വതി,വൈഗ സഹോദരിമാർക്കാണ് ഇക്കുറി ഭവനം നിർമിച്ചു നല്കുന്നത്.



പഞ്ചായത്തിന്റെ കനിവു കാത്ത്
രമയും മൂന്നു പെൺമക്കളും











# കാർഷിക വിളവെടുപ്പ്

8,9 ക്ളാസ്സുകളിലെ നല്ലപാഠം വിദ്യർത്ഥികൾ ഓർഗാനിക് പച്ചക്കറി കൃഷി ചെയ്തിരുന്നു . ചേമ്പ്, വാഴ എന്നിവയാണ് അവർ നട്ടു പരിപാലിച്ചിരുന്നത്. വിളവ് സ്കൂൾ ഉച്ചഭക്ഷണം പരിപാടിയിലേക്ക്  നല്കുന്നു .







# ഔഷധത്തോട്ടം

5,6,7 ക്ലാസ്സുകളിലെ നല്ലപാഠം പ്രവർത്തകർ ഇക്കറി ഔഷധച്ചെടികൾ നട്ടു പരിപാലിക്കുന്നു.ആര്യവേപ്പ്, വേപ്പ്, കൃഷ്ണ തുളസി, രാമതുളസി,നോനി,നീലമരി, കറുക,എരുക്ക്,മഞ്ഞൾ,ഇഞ്ചി,തിപ്പലി,ബ്രഹ്മി,മുത്തങ്ങതുടങ്ങി 25 ൽപരം ഔഷധച്ചെടികൾ കുട്ടികൾ പരിപാലിച്ചുപോരുന്നു.



# കടപ്പാട്

ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ഗ്ലാഡിസ് ടീച്ചർക്കും ജെൻസി ടീച്ചർക്കും റീനി ടീച്ചർക്കും ഒരായിരം നന്ദി

എഡിറ്റർ